അയർക്കുന്നം ഗവൺമെന്റ് ആയുർവേദാശുപത്രി

457. [571] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർക്കുന്നം ഗവൺമെന്റ് ആയുർവേദാശുപത്രിക്കുവേണ്ടി കെട്ടിടം കെട്ടുന്നതിന് രേണാനുമതി നൽകിയെങ്കിലും ഇതുവരെ പണി ഏറ്റെടുത്തു നടത്തിയിട്ടില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എത്രയും വേഗം പണി നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പാമ്പാടി സർക്കാർ ആശുപത്രിയിലെ മെയിന്റനൻസ് പണികൾ

458. [572] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടി ഗവൺമെന്റ് ആശുപത്രിയിൽ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതായ മെയിന്റനൻസ് പണികൾ നടത്തുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് എത്രയും വേഗം മെയിന്റനൻസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പാമ്പാടി ഗവൺമെന്റ് ആശുപത്രിയിൽ അടിയന്തിരമായി ചെയ്യേണ്ട മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്യുവാൻ പൊതുമരാമത്ത് ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പണികൾ എത്രയും വേഗം ചെയ്തു തീർക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

ഡോക്ടർമാർ ഇല്ലാത്ത പ്രൈമറി ഹെൽത്ത് സെന്ററുകൾ

459. [573] ശ്രീ. ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡോക്ടർമാർ ഇല്ലാത്ത പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉണ്ടോ ; എങ്കിൽ ഏതെല്ലാം ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly